## ട്രേഡ് യൂണിയൻ രജിസ്ട്രേഷനുള്ള അപേക്ഷയിൽ ഒപ്പിട്ടവരിൽ പകുതിയോളം പേർ പിന്മാറിയാലും അപേക്ഷ അസാധുവാകില്ല

### ഉത്തരാഖണ്ഡ് ഹൈക്കോടതി

S.A. No. 936/2019 Dt. 10.12.2019

ബജാജ് മോട്ടോർസ് ലിമിറ്റഡ്
x
ബജാജ് മോട്ടോർസ് കർമ്മ്കാർ യൂണിയൻ

നിരവധി തൊഴിലാളികൾ ജോലി ചെയ്യുന്ന ഫാക്ടറിയാണ്. ബജാജ് മോട്ടോർസ്. അവിടെ ട്രേഡ് യൂണിയൻ രൂപീകരിച്ചിട്ടില്ല. സംഘടിതരല്ലാത്ത തങ്ങളെ തൊഴിലുടമ പീഡിപ്പിക്കുകയാണെന്ന് തൊഴിലാളികൽക്ക് അനുഭവപ്പെട്ടു. അതിനാൽ സംഘടിക്കാൻ അവർ തീരുമാനിച്ചു. തുടർന്ന് ട്രേഡ് ജൂണിയൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ രജിസ്ട്രാർക്ക് സമർപ്പിച്ചു. അപേക്ഷ യിൽ ഏഴ് തൊഴിലാളികളാണ് ഒപ്പിട്ടത്. അപേക്ഷ സ്വീകരിച്ചതിനു ശേഷം രജിസ്ട്രാർ അതിന്റെ പകർപ്പ് തൊഴിലുടമയ്ക്കു നല്കി. വിവരങ്ങളറിഞ്ഞ തൊഴിലുടമ അപേക്ഷയിൽ ഒപ്പിട്ട മൂന്ന് തൊഴിലാളികളെ പിരിച്ചുവിടുകയും ഒരാളെ സസ്പെന്റ് ചെയ്യുകയും ചെയ്തു. ഇതു സംബ ന്ധിച്ച് തൊഴിലാളികൾ രജിസ്ട്രാർക്കും മറ്റും പരാതി നല്കുകയും ട്രേഡ് യൂണിയൻ രജി സ്ട്രേഷൻ നടത്തിത്തരണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഇതിനിടെ തൊഴിലാളികളെ പിരിച്ചുവിട്ട വിവരവും സസ്പെന്റ് ചെയ്ത കാര്യവുമുൾപ്പെടുത്തി തൊഴിലുടമ ആക്ഷേപം ഫയൽ ചെയ്തു. തുടർന്ന് ട്രേഡ് യൂണിയൻ രജിസ്റ്റർ ചെയ്യാൻ രജിസ്ട്രാർ വിസമ്മതിക്കുന്ന തിനെതിരെ തൊഴിലാളികൾ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. രജിസ്ട്രേഷനുള്ള അപേക്ഷയിൽ ഒപ്പിട്ട മൂന്ന് തൊഴിലാളികളെ പിരിച്ചുവിട്ടുവെന്നും ഒരാളെ സസ്പെന്റ് ചെയ്തു വെന്നും മൂന്ന് തൊഴിലാളികൾ മാത്രമേ നിലവിലുള്ളൂവെന്നും രജിസ്ട്രേഷനുള്ള അപേക്ഷ അസാധുവായെന്നും തൊഴിലുടമ ചൂണ്ടിക്കാട്ടി. അപേക്ഷയിൽ ഒപ്പിട്ട പകുതിയോളം പേർ പിന്നീട് തൊഴിലാളികളല്ലാതായാലും അപേക്ഷ നിലനില്ക്കുമെന്നും രജിസ്ട്രേഷൻ നടത്തിക്കൊടുക്കേ ണ്ടതാണെന്നും സിംഗിൾ ബഞ്ച് നിരീക്ഷിച്ചു. സസ്പെൻഷൻ കാലയളവിലും തൊഴിലാളി–തൊ ഴിലുടമ ബന്ധം നിലനില്ക്കുമെന്ന് സിംഗിൾ ബഞ്ച് ഓർമ്മിപ്പിച്ചു. ഒരു മാസത്തിനുള്ളിൽ ട്രേഡ് യൂണിയൻ രജിസ്റ്റർ ചെയ്ത് നല്കണമെന്ന് സിംഗിൾ ബഞ്ച് ട്രേഡ് യൂണിയൻ രജിസ്ട്രാർക്ക് നിർദ്ദേശം നല്കി. ഇതിനെതിരെ തൊഴിലുടമ ഡിവിഷൻ ബഞ്ചിൽ അപ്പീൽ സമർപ്പിച്ചു. യൂണി യൻ രജിസ്ട്രേഷനുള്ള അപേക്ഷയിൽ ഒപ്പിട്ടവരിൽ മൂന്ന് പേർ മാത്രമേ നിലവിൽ തൊഴിലാളി കളായി തുടരുന്നുള്ളു, അതിനാൽ അപേക്ഷ അസാധുവായി എന്ന് തുടങ്ങിയ വാദങ്ങൾ തൊഴി ലുടമ ഡിവിഷൻ ബഞ്ച് മുമ്പാകെയും ആവർത്തിച്ചു. എന്നാൽ ഡിവിഷൻ ബഞ്ച് അത്തരം വാദങ്ങൾ അംഗീകരിച്ചില്ല. അപേക്ഷയിൽ ഒപ്പിട്ട ഏഴ് പേരിൽ നിന്ന് മൂന്ന് പേർ ഒഴിവായാലും പകുതിയിലധികം പേർ അവശേഷിക്കുന്നുണ്ടെന്നും സസ്പെൻഷനിലായ തൊഴിലാളിയെ ഒഴി വാക്കാനാവില്ലെന്നും നിരീക്ഷിച്ച ഡിവിഷൻ ബഞ്ച് സിംഗിൾ ബഞ്ചിന്റെ വിധി ശരിവയ്ക്കു കയും മൂന്നാഴ്ചക്കുള്ളിൽ തൊഴിലാളികളുടെ അപേക്ഷയിൽ തീരുമാനമെടുക്കണമെന്ന് ട്രേഡ് യൂണിയൻ രജിസ്ട്രാർക്ക് നിർദ്ദേശം നല്കുകയും തൊഴിലുടമയുടെ അപ്പീൽ തള്ളിക്കളയു കയും ചെയ്തു.